ഇതു കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി.യുടെ കായംകുളത്തെ രാജീവ് ഗാന്ധി കമ്പയിൻഡ് പവ്വർ പ്ലാന്റിന്റെ 1950 മെഗാവാട്ട് വിപുലീകരണ പദ്ധതിയും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഒൻപതാം പദ്ധതിക്കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ പത്താം പദ്ധതിക്കാലത്ത് ആക്സിലറേറ്റഡ് പവ്വർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ആകെ 11527.5 ലക്ഷം രൂപ ഗ്രാന്റായും അത്രയും തന്നെ തുക ലോൺ ആയും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നേര്യമംഗലം പദ്ധതിക്ക് 2002-03-ൽ ഇൻഡോ-സ്വിസ് ജോയിന്റ് ക്രഡിറ്റ് പ്രകാരം 179.05 ലക്ഷം രൂപ ഗ്രാന്റായും പ്രധാൻമന്ത്രി ഗ്രാമീൺ യോജന (പി.എം.ജി.വൈ.) പ്രകാരം 2002-03-ൽ ഗ്രാന്റായി 178.35 ലക്ഷം രൂപയും ലോൺ ആയി 416.15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമെ 2002-03 സാമ്പത്തിക വർഷം റവന്യൂ കമ്മി കുറച്ചതിന് എ.പി.ഡി.ആർ.പി.-യിൽ നിന്നും 6494 ലക്ഷം രൂപ ഇൻസെന്റീവ് ആയി അനുവദിച്ചിട്ടുണ്ട്.

(ഡി) സ്ഥാപിതശേഷിയിൽ 84.60 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് കൂടാതെ 24 മില്ല്യൺ യൂണിറ്റിന്റെ വഴിക്കടവ് ഡൈവേർഷൻ പദ്ധതിയും പൂർത്തിയായിട്ടുണ്ട്.

വൈദ്യുത പദ്ധതികൾ

23 [334] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കാൻ തീരുമാനിച്ച വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

24 [335] *ശ്രീ. പി. എസ്. സുപാൽ:*

„ *പി. നാരായണൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(1) സംരംഭകന്റെ പ്രൊഫഷണൽ യോഗ്യത

(2) ആതിഥേയ വ്യവസായത്തിലുള്ള പരിചയം

(3) സംരംഭക പശ്ചാത്തലം

(4) മുതൽമുടക്ക് ശേഷി

(5) സംരംഭകന്റെ പ്രായം

സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ മുപദ്ധതി തയ്യാറാക്കുന്നതിന് ICICI Kinfra—യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ചുള്ള ഗവൺമെന്റ് ഉത്തരവോടെ മാത്രമെ സംരംഭകരെ തിരഞ്ഞെടുക്കുകയുള്ളു.

പ്ലാനിംഗ് ഓഫീസർ,

(ഡയറക്ടർക്കുവേണ്ടി).

അനുബന്ധം — II

[7-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 23(334) കാണുക]

ക്രമ നമ്പർ	പദ്ധതി	ഇപ്പോഴത്തെ സ്ഥിതി
1	ലോവർ മീൻമുട്ടി	പണികൾ നടന്നുവരുന്നു.
2	നേര്യമംഗലം എക്സ്റ്റൻഷൻ	പണികൾ നടന്നുവരുന്നു.
3	പള്ളിവാസൽ എക്സ്റ്റൻഷൻ	ടെണ്ടറുകൾ ക്ഷണിച്ചുകഴിഞ്ഞു.
4	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	പണികൾ പുരോഗമിച്ചുവരുന്നു.
5	പാത്രക്കടവ്	കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
6	മണിയാർ ടെയിൽ റേസ്	പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.
7	പെരുന്തേനരുവി	വിശദമായ ഡിസൈനിന് ഫീൽഡ് ഡാറ്റ എടുത്തുവരുന്നു.
8	ചാത്തൻകോട്ടുനട-II	സർവ്വേ നടന്നുവരുന്നു
9	വിലങ്ങാട്	ഡിസൈനും സർവ്വേയും നടന്നുവരുന്നു.
10	പീച്ചി	ഡിസൈനും എസ്റ്റിമേറ്റും പൂർത്തിയായിക്കൊണ്ടിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതി	ഇപ്പോഴത്തെ സ്ഥിതി
11	ചെങ്കുളം	പദ്ധതിക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.
12	പുഴിത്തോട്	എസ്റ്റിമേറ്റ് തയ്യാറായിവരുന്നു
13	ചിന്നാർ	പരിസ്ഥിതി പഠനത്തിനുള്ള നടപടികൾ എടുത്തുവരുന്നു
14	ബാരപ്പോൾ	പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു
15	നേര്യമംഗലം-നവീകരണം	യൂണിറ്റൊന്നിന്റെ നവീകരണം പൂർത്തിയായി. മറ്റു രണ്ടു യൂണിറ്റുകളുടെ പണി നടന്നു വരുന്നു
16	ശബരിഗിരി-നവീകരണം	രണ്ടു യൂണിറ്റുകളുടെ പണി ഏകദേശം പൂർത്തിയായി വരുന്നു മറ്റു നാല് യൂണിറ്റുകളുടെ പണി നടക്കാനുണ്ട്.
17	ചെങ്കുളം ആഗ്മെന്റേഷൻ	ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു
സ്വകാര്യ പദ്ധതികൾ		
1	തുവലാർ	അലോട്ട്മെന്റ് കഴിഞ്ഞു
2	ആറ്റില	അലോട്ട്മെന്റ് കഴിഞ്ഞു
3	കുരിശ്ശടി	അലോട്ട്മെന്റ് കഴിഞ്ഞു
4	പാൽച്ചുരം	അലോട്ട്മെന്റ് കഴിഞ്ഞു
5	ആലമ്പാറത്തോട്	അലോട്ട്മെന്റ് കഴിഞ്ഞു
6	അടയ്ക്കാത്തോട്	അലോട്ട്മെന്റ് കഴിഞ്ഞു
7	അപ്പർ വട്ടപ്പാറ	അലോട്ട്മെന്റ് കഴിഞ്ഞു
8	അപ്പർ പൊരിങ്ങൾ	അലോട്ട്മെന്റ് കഴിഞ്ഞു
9	ലോവർ വട്ടപ്പാറ	അലോട്ട്മെന്റ് കഴിഞ്ഞു
10	കുറുംപട്ടി	അലോട്ട്മെന്റ് കഴിഞ്ഞു
11	ഇരുട്ടുക്കാനം	അലോട്ട്മെന്റ് കഴിഞ്ഞു
12	മുക്കൂട്ട്തോട്	അലോട്ട്മെന്റ് കഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly